**തം ബ്രഹ്മനിർവ്വാണസമാധിമാശ്രിതം വ്യുപാശ്രിതം ഗിരീശം യോഗകക്ഷാം
സലോകപാല മുനയോ മനൂനാമാദ്യം മനും പ്രാഞ്ജലയ: പ്രണേമു: (4-6-39)**

മൈത്രേയൻ തുടർന്നു:
പരാജിതരായ മുനിമാരും ദേവതകളും സൃഷ്ടികർത്താവായ ബ്രഹ്മദേവന്റെ അടുക്കൽ ചെന്ന് ഉണ്ടായ കാര്യങ്ങൾ വിശദീകരിച്ചു.

ബ്രഹ്മാവ് പറഞ്ഞു: "ഉടനേതന്നെ വിശുദ്ധമായ കൈലാസത്തിൽപ്പോയി ശിവഭഗവാന്റെ പാദാരവിന്ദങ്ങളിൽ അഭയം തേടുക. ദക്ഷനും നിങ്ങളുമെല്ലാം ശിവന് വിഹിതമായ അർഘ്യം നൽകാതെ ദ്രോഹം ചെയ്തിരിക്കുന്നു. എനിക്കോ യജ്ഞാധിപനായ വിഷ്ണുവിനോ ശിവമഹിമയെ അളക്കാൻ കഴിയില്ല തന്നെ. ദേവതകൾക്കും മുനിമാർക്കും പോലും അവിടുത്തെ ശക്തിയും സ്വഭാവവും അറിയാൻ കഴിയില്ല. കാരണം, ശിവൻ സർവ്വതന്ത്രസ്വതന്ത്രനത്രെ."

മുനിമാരാലും ദേവതകളാലും അനുഗമിക്കപ്പെട്ട് ബ്രഹ്മാവ് കൈലാസത്തിലേക്ക് പുറപ്പെട്ടു. കൈലാസത്തിൽ അസാധാരണ സിദ്ധികളുള്ള ദേവന്മാർ കഴിയുന്നു. ചിലർ ജന്മനാ സിദ്ധർ. മറ്റുള്ളവർ മരുന്ന്, തപസ്സ്, യോഗാഭ്യാസം എന്നിവകൊണ്ട് സിദ്ധിനേടിയവരത്രെ. പർവ്വതശിഖരങ്ങൾ രത്നത്തിന്റെ തിളക്കമാർന്നിരിക്കുന്നു. മലകൾ വൃക്ഷലതാദികൾകൊണ്ട് സർവ്വഹരിതവുമാണ്. പലവിധ പക്ഷികളും മയിലുകളും കൈലാസ പ്രദേശം മുഴുവനും ശബ്ദായമാനമാക്കിയിരിക്കുന്നു. മാൻ, പുലി, സിംഹം തുടങ്ങിയ കാട്ടുജീവികളും അവിടെ സുലഭം. നന്ദ, അളകനന്ദ എന്നീ നദികളുടെ ഇടയ്ക്ക് അളക എന്ന അതീവസുന്ദരമായ ദിവ്യനഗരം സ്ഥിതി ചെയ്യുന്നു. ഈ നഗരത്തിൽ ദിവ്യപുരുഷന്മാർ ജീവിക്കുന്നു. രത്നഖചിതങ്ങളായ വിമാനങ്ങളാൽ നഗരം നിറഞ്ഞിരിക്കുന്നു.

ദേവതകളും ബ്രഹ്മാവുതന്നെയും ഈ സുന്ദരദൃശ്യങ്ങൾ കണ്ട് കുറച്ചുനേരം വിസ്മയിച്ചുപോയി. അവിടെ കുറച്ചു ദൂരെ വലിയൊരാൽമരം കാണായി. അതിനു ചുവട്ടിൽ ശിവൻ ആത്മീയപ്രഭയിൽ മുങ്ങി പരമശാന്തനായിരിക്കുന്നു. സർവ്വചരാചരങ്ങളുടേയും സുഹൃത്തായി വാഴുന്നവൻ പൊതുനന്മയ്ക്കായും, അഭിവൃദ്ധിക്കായും സദാ തപസ്സിലും യോഗാഭ്യാസങ്ങളിലും ഏർപ്പെടുന്നു. ശിവനുചുറ്റും ദിവ്യരായ ഋഷി വര്യന്മാരും യോഗികളുമുണ്ട്. നാരദൻ സശ്രദ്ധം ശിവന്റെ വാക്കുകൾ കേൾക്കുന്നു. കൈകൾ കൂപ്പി ബ്രഹ്മാവും, ദേവതകളും മറ്റുബ്രാഹ്മണരും വിനയപുരസരം ശിവനെ നമിച്ചു. ശിവൻ വിശ്വബോധത്തിന്റെ പരമകാഷ്ടയിൽ വിരാജിക്കുകയായിരുന്നു. ബ്രഹ്മാവിനേയും ബ്രാഹ്മണരേയും മറ്റും സ്വീകരിച്ചു ഉപചാരപൂർവ്വം ശിവൻ പെട്ടെന്നെഴുന്നേറ്റുവന്നു. ദിവ്യന്മാരുടെ മഹിമ അതാണല്ലൊ. അവർ തികച്ചും വിനയശീലരത്രെ.

ബ്രഹ്മദേവൻ ശിവനോട് പറഞ്ഞു: "ഭഗവൻ, അങ്ങ് പരമാത്മാവിനോട് ഒന്നുചേർന്നിരിക്കുന്നുവെങ്കിലും ലീലകളായി ശിവശക്തിദ്വന്ദങ്ങളുടെ രൂപത്തിൽ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തി വിശ്വസൃഷ്ടിയുടെ വിക്ഷേപാവരണക്രിയകൾ നടപ്പിലാക്കുന്നു. അങ്ങാണ് യാഗകർമ്മങ്ങളുടെ നടപടിക്രമങ്ങൾ ആദ്യമായി നടപ്പിലാക്കിയത്. അങ്ങ് സന്മനസുള്ളവർക്ക് ശാന്തിയും, ദുഷ്ടർക്ക് തക്കതായ ശിക്ഷകളും നൽകുന്നു. അങ്ങയുടെ ക്രോധം ഭക്തജനങ്ങളെ ബാധിക്കയില്ലതന്നെ. അങ്ങ് ദക്ഷനെ കുഴപ്പിച്ച വിഷ്ണുവിന്റെ മായാശക്തിക്കുമതീതനാണല്ലൊ. ദക്ഷനും മറ്റുള്ളവരും മായാശക്തിക്കടിമയാണെന്നറിയുക. അവരിൽ കരുണകാണിക്കാൻ ഞങ്ങളഭ്യർത്ഥിക്കുന്നു. അവരെയെല്ലാം പഴയ രൂപത്തിലാക്കി പുനർജനിപ്പിച്ചാലും. ആ ദക്ഷയാഗത്തെ പൂർത്തിയാക്കാൻ അനുവദിച്ച് പരിസമാപ്തി നൽകിയാലും. മാമുനിമാർ അങ്ങേക്കുള്ള യജ്ഞവിഹിതം വിധിയാംവണ്ണം യാഗത്തിൽ നൽകുമെന്നുറപ്പു വരുത്തുന്നതാണ്."